# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5551

4/7/2013-ലെ മറുപടിയ്ക്ക്

### ശരണ്യ സ്വയം തൊഴിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഹംസ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ശരണ്യ സ്വയം തൊഴിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിധവകൾ, നിയമാനുസൃതം വിവാഹ ബന്ധം വേർപെടുത്തിയവർ, ഭർത്താവ് ഉപേക്ഷിച്ച് പോയവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗ വിഭാഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗത്തിൽപ്പെടുന്ന വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പയും സബ്സിഡിയും നൽകുന്നതാണ് ഈ പദ്ധതി. ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് പരമാവധി 50000/- രൂപ വരെ പലിശരഹിത വായ്പയും വായ്പാതുകയുടെ 50% സബ്സിഡിയായും അനുവദിക്കുന്നു. അപേക്ഷകർ സമർപ്പിക്കുന്ന പ്രോജക്ട് പരിശോധിച്ച് ആവശ്യമെങ്കിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. 50000/- രൂപ വരെ പലിശരഹിത വായ്പയാണ് അനുവദിക്കുന്നത്. 18 വയസ്സ് മുതൽ 55 വയസ്സ് വരെ ( അവിവാഹിതകൾക്ക് 30 വയസ്സ് )യാണ് ഈ പദ്ധതിയ്ക്ക് അപേക്ഷിക്കാനുള്ള പ്രായ പരിധി. ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കൺവീനറും ആയ ഒരു ജില്ലാ തല സമിതിയാണ് അപേക്ഷ പരിശോധിച്ച് വായ്പ അനുവദിക്കുന്നത്. വായ്പാ തിരിച്ചടവ് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നടത്താവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | 2010-2011 ൽ ഈ പദ്ധതി പ്രകാരം എത്ര പേർക്ക് സ്വയം തൊഴിൽ വായ്പ അനുവദിച്ചു; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | 404 പേർക്ക് സ്വയംതൊഴിൽ വായ്പ അനുവദിച്ചിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | 2011-12 വർഷത്തിൽ ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കപ്പെട്ടവരുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ നൽകാമോ; | (സി) | 2011-12 വർഷത്തിൽ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കപ്പെട്ടവരുടെ ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | പദ്ധതി പ്രകാരം ധന സഹായത്തിനായി അപേക്ഷിക്കപ്പെട്ട എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; വിശദാംശം നൽകാമോ? | (ഡി) | പദ്ധതി പ്രകാരം 14 ജില്ലാകളിലായി ലഭിച്ച അപേക്ഷകളിൽ ഇനി ആകെ 9271 അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം – I

2010-2011 ൽ ഈ പദ്ധതി പ്രകാരം 404 പേർക്ക് സ്വയംതൊഴിൽ വായ്പ അനുവദിച്ചു. ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 53 |
| 2 | കൊല്ലം | 59 |
| 3 | പത്തനംതിട്ട | 14 |
| 4 | ആലപ്പുഴ | 28 |
| 5 | കോട്ടയം | 45 |
| 6 | ഇടുക്കി | 18 |
| 7 | എറണാകുളം | 26 |
| 8 | തൃശ്ശൂർ | 41 |
| 9 | പാലക്കാട് | 19 |
| 10 | മലപ്പുറം | 32 |
| 11 | കോഴിക്കോട് | 16 |
| 12 | വയനാട് | 16 |
| 13 | കണ്ണൂർ | 22 |
| 14 | കാസറഗോഡ് | 15 |
| | ആകെ | 404 |

സെക്ഷൻ ഓഫീസർ

അനുബന്ധം- 2

2011-12 വർഷത്തിൽ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കപ്പെട്ടവരുടെ ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 55 |
| 2 | കൊല്ലം | 62 |
| 3 | പത്തനംതിട്ട | 37 |
| 4 | ആലപ്പുഴ | 115 |
| 5 | കോട്ടയം | 51 |
| 6 | ഇടുക്കി | 43 |
| 7 | എറണാകുളം | 111 |
| 8 | തൃശ്ശൂർ | 50 |
| 9 | പാലക്കാട് | 49 |
| 10 | മലപ്പുറം | 59 |
| 11 | കോഴിക്കോട് | 93 |
| 12 | വയനാട് | 35 |
| 13 | കണ്ണൂർ | 39 |
| 14 | കാസറഗോഡ് | 51 |
| | ആകെ | 850 |

സെക്ഷൻ ആഫീസർ

അനുബന്ധം - 3

പദ്ധതി പ്രകാരം 14 ജില്ലകളിലായി ലഭിച്ച അപേക്ഷകളിൽ ഇനി ആകെ 9271 അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരവും ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1614 |
| 2 | കൊല്ലം | 1620 |
| 3 | പത്തനംതിട്ട | 186 |
| 4 | ആലപ്പുഴ | 892 |
| 5 | കോട്ടയം | 220 |
| 6 | ഇടുക്കി | 448 |
| 7 | എറണാകുളം | 609 |
| 8 | തൃശ്ശൂർ | 645 |
| 9 | പാലക്കാട് | 1243 |
| 10 | മലപ്പുറം | 471 |
| 11 | കോഴിക്കോട് | 683 |
| 12 | വയനാട് | 133 |
| 13 | കണ്ണൂർ | 427 |
| 14 | കാസറഗോഡ് | 80 |
| | ആകെ | 9271 |

സെക്ഷൻ ഓഫീസർ